"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - പുനലൂർ നഗരസഭാ സെക്രട്ടറി- ശ്രീമതി.ജി.രേണുകാ ദേവി - മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് - പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം.1591/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 02/09/2020

പരാമർശം:- 1 ശ്രീമതി.ജി.രേണുകാ ദേവി സമർപ്പിച്ച 25.01.2020 തീയതിയിലെ അപേക്ഷ.

2 നഗരകാര്യ ഡയറക്ടറുടെ 02.06.2020 തീയതിയിലെ കത്ത്.

**ഉത്തരവ്**

പുനലൂർ നഗരസഭാ സെക്രട്ടറി ശ്രീമതി. ജി.രേണുകാദേവിയുടെ ചികിത്സാർത്ഥം ചെലവായ തുക റീ - ഇംബേഴ്സ് ചെയ്യുന്നതിനുള്ള അനുമതിയ്ക്കായി നഗരകാര്യ ഡയറക്ടർ പരാമർശം 2 പ്രകാരം ടിയാളുടെ അപേക്ഷയും അനുബന്ധ രേഖകളും ലഭ്യമാക്കി. ആരോഗ്യ വകുപ്പ് ഡയറക്ടർ ടി അപേക്ഷ പരിശോധിച്ച് നിലവിലെ നിയമ പ്രകാരം (അനുവദനീയമായ മരുന്നുകൾക്കും, മറ്റ് അനുവദനീയമായ ഉപകരണങ്ങൾക്കും ലാബ് ടെസ്റ്റുകൾ ഉൾപ്പെടെയുള്ള പരിശോധനകൾക്കും സർക്കാർ അംഗീകൃത നിരക്കുകൾ പ്രകാരം) ആകെ അനുവദനീയമായ തുക 1,36,713/- (ഒരു ലക്ഷത്തി മുപ്പത്തി ആറായിരത്തി എഴുന്നൂറ്റി പതിമൂന്ന് രൂപ മാത്രം) ആണെന്ന് അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി ചികിൽസയ്ക്ക് പലിശരഹിത ചികിൽസാവായ്പ അനുവദിച്ചിട്ടില്ല എന്നും, ഇപ്പോൾ സമർപ്പിച്ച ക്ലെയിമിൽ ഉൾപ്പെട്ട ബില്ലുകൾ മുൻപ് അനുവദിച്ച മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമുകളിൽ ഉൾപ്പെട്ടിട്ടില്ല എന്നും ഉറപ്പ് വരുത്തേണ്ടതാണെന്ന വ്യവസ്ഥയിൽ, നഗരകാര്യ വകുപ്പിൽ, പുനലൂർ നഗരസഭാ സെക്രട്ടറിയായ ശ്രീമതി.ജി.രേണുകാ ദേവിയ്ക്ക് കൊച്ചി ലേക്ഷോർ ഹോസ്പിറ്റലിൽ കാൻസർ സംബന്ധമായ ചികിൽസയ്ക്ക് 12.10.2019 മുതൽ 10.01.2020 വരെ ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദിക്കാമെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്ന തുകയുടെ 80% ആയ 1,09,370/- രൂപ (ഒരു ലക്ഷത്തി ഒൻപതിനായിരത്തി മുന്നൂറ്റെഴുപത് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

**പകർപ്പ്**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (ബില്ലുകളും എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റും അപേക്ഷയും സഹിതം)

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

## File No.LSGD-EU1/142/2020-LSGD

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
ശ്രീമതി.ജി.രേണുകാ ദേവി (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ